**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1687      07-03-2018 ൽ മറുപടിയ്ക്ക്

## അഗ്നിശമനസേനയുടെ ആധുനികവൽക്കരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ.സി.മമ്മൂട്ടി**<br>**ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്**<br>**ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) | അഗ്നിശമനസേനയുടെ ആധുനിക വൽക്കരണത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാ മാണ്; | എ) | ഫയർ & റെസ്ക്യൂ സർവ്വീസസിന്റെ നവീകരണത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**1)** കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി നിലയം, ആലപ്പുഴ ജില്ലയിൽ അരൂർ നിലയം, കണ്ണൂർ ആസ്ഥാനമാക്കി പുതിയ ഡിവിഷണൽ ആഫീസ് എന്നിവ ആരംഭിച്ചു ആയതിന്റെയും ഫയർ & റെസ്ക്യൂ സർവ്വീസ്സസ് അക്കാദമി നവീകരണ ത്തിന്റെയും ഭാഗമായി വിവിധ തലത്തിലുള്ള ആഫീസർ തസ്തികകൾ ഉൾപ്പെടെ 78 പുതിയ തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br>**2)** ദുരന്തങ്ങളും അപകടങ്ങളും ഉണ്ടാകുമ്പോൾ ദുരന്തനിവാരണ രംഗത്ത് പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി കമ്മ്യൂണി റെസ്ക്യൂ വാളന്റിയർ സർവ്വീസ്, ആപതാമിത്ര എന്നീ പദ്ധതികൾ ആരംഭിക്കുകയും തെരഞ്ഞെടുക്കപ്പെടുന്ന വർക്ക് പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്.<br>**3)** 2016-17 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ നവീകരണത്തിനായി 40 കോടി രൂപയും, 2017-18 സാമ്പത്തിക വർഷത്തിൽ 45 കോടി രൂപയും അനുവദിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | 4) 2018-19 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ സമഗ്രമായ നവീകരണത്തിനായി 70 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br>5) വിവിധ വിഭാഗത്തിൽപ്പെട്ട 16 ഓളം അത്യാധുനിക സൗകര്യങ്ങളോട്ടു കൂടിയ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുകയും, കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ 18 ഓളം അത്യാധുനിക സൗകര്യങ്ങളോട്ടു കൂടിയ വിവിധ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്.<br>6) കേരള ഫയർ & റെസ്ക്യൂ സർവ്വീസസിൽ ഫയർ വുമൺ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി വകുപ്പിൽ വനിതാപ്രാതിനിധ്യം ഉറപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>7) ഇ-ഗവേൺസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുനില കെട്ടിടങ്ങൾക്ക് എൻ.ഒ.സി അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സുതാര്യമാക്കുന്നതിനായി ഓൺ ലൈൻ വെബ് പോർട്ടൽ സംവിധാനം, ആഫീസ് നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനായി ഐ-ആപ്പ് സംവിധാനം, വീഡിയോ കോൺഫറൻസ് സംവിധാനം എന്നിവയ്ക്കായി ഫണ്ട് അനുവദിക്കുകയും ആയത് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്.<br>8) വകുപ്പിൽ സ്തുത്യർഹ സേവനത്തിന് 20 പേർക്ക് പോലീസ് സേനയിലെ പ്പോലെ ബാഡ്ജ് ഓഫ് ഓണർ നൽകുന്നതിന് നടപടി സ്വീകരിച്ചു |
| ബി) | കാലാനുസൃതമായ അത്യന്താധുനിക സാങ്കേതിക ഉപകരണങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | ബി) | സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

2016-17 വാർഷിക പദ്ധതിയിനത്തിൽ അനുവദിച്ച തുക ഉപയോഗിച്ച് താഴെ പറയുന്ന ആധുനിക വാഹനങ്ങളും, ഉപകരണങ്ങളും കേരള ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി വാങ്ങിയിട്ടുണ്ട്.

| SL.No | Name of Items | Numbers |
|---|---|---|
| 1 | Chassis for the Fabrication of Emergency Tenders | 5 |
| 2 | Purchase & Fabrication of Mini Water Tender | 25 |
| 3 | Water Bowser | 2 |
| 4 | Scuba Vehicles | 3 |
| 5 | Scuba Vehicles( Van Type) | 5 |
| 6 | Scuba Set with diving Suits | 23 |
| 7 | Portable Air compressor | 10 |
| 8 | Rubber Dinghy with Outboard Engine | 13 |
| 9 | Foam Compound(20ltr Tin) | 1585 Tin |
| 10 | Tyres(Various size) | 1226 |
| 11 | Battery(Various Plates) | 321 |
| 12 | Hydraulic Rescue Tool Set | 20 |
| 13 | Water Tender | 3 |
| 14 | Mini Water Mist Tender | 35 |
| 15 | Fireman Helmet | 913 |
| 16 | Wireless Set | 100 |

2017-18 വാർഷിക പദ്ധതിയിനത്തിൽ അനുവദിച്ച തുക ഉപയോഗിച്ച് താഴെ പറയുന്ന ആധുനിക വാഹനങ്ങളും, ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

| SL.No | Name of Items | Numbers |
|---|---|---|
| 1 | Foam Tender | 10 |
| 2 | Water Bowser | 10 |
| 3 | Scuba Set with diving Suits | 52 |
| 4 | Rubber Dinghy with Outboard Engine | 15 |
| 5 | Breathing Air compressor | 10 |
| 6 | Fire Fighting Portable Pump | 25 |
| 7 | BA Set | 100 |
| 8 | Hydraulic Rescue Tool Set | 10 |
| 9 | Motor Cycles(Up to 125cc) | 50 |
| 10 | Pneumatic lifting Bag | 10 |
| 11 | Helmet with Wiser | 600 |
| 12 | Scuba Van | 10 |
| 13 | Ambulance | 20 |
| 14 | Water Mist (Trolley mounted 50 ltr) | 30 |
| 15 | Delivery Hose (Synthetic 15m) | 1500 |
| 16 | Delivery Hose (Rubber Lined 15m) | 1500 |
| 17 | Demolishing Hammer | 30 |
| 18 | Water Tender | 25 |

*[signature]*

സെക്ഷൻ ഓഫീസർ